**പതിനഞ്ചാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2190** **05-02-2026-ൽ മറുപടിയ്ക്ക്**

**<u>വിളപ്പിൽ ആശുപത്രിയിൽ ചികിത്സാ പിഴവ്</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>**

ശ്രീ. സണ്ണി ജോസഫ്

ശ്രീ. സണ്ണി ജോസഫ്

ശ്രീ. എ. പി. അനിൽ കുമാർ

ശ്രീ. എം. വിൻസെന്റ്

ശ്രീമതി ഉമ തോമസ്

**<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. കെ. മുരളീധരൻ

(ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി)

**(എ)** വിളപ്പിൽ ആശുപത്രിയിൽ ശ്വാസതടസം നേരിട്ട് ചികിത്സക്ക് എത്തിയ രോഗി ചികിത്സ കിട്ടാതെ മരിച്ച സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത സംഭവത്തിൽ അന്വേഷണം നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

**<u>മറുപടി:</u>** വിളപ്പിൽ സാമൂഹികാരോഗ്യ കേന്ദ്രത്തിൽ 19.01.2026-ന് പുലർച്ചെ ചികിത്സ തേടിയ യുവാവ് മരണപ്പെട്ടതുമായി ബന്ധപ്പെട്ട സംഭവം സംബന്ധിച്ച് ഡോ.രാജേന്ദ്രൻ.എൻ., അഡീഷണൽ ഡയറക്ടർ(വിജിലൻസ്), ഡോ.സുജ.എസ്.ആർ. അസിസ്റ്റന്റ് ഡയറക്ടർ(എ&റ്റി), ഡോ.അരുൺ.എസ്.ആർ., ചീഫ് കൺസൾട്ടന്റ് (കാർഡിയോളജി), ജനറൽ ആശുപത്രി തിരുവനന്തപുരം എന്നിവർ സംയുക്തമായി വിളപ്പിൽ സാമൂഹികാരോഗ്യ കേന്ദ്രത്തിൽ വെച്ച് 31.01.2026-ന് അന്വേഷണം നടത്തുകയുണ്ടായി. അന്വേഷണ റിപ്പോർട്ട് പ്രകാരം വിളപ്പിൽ സാമൂഹികാരോഗ്യ കേന്ദ്രത്തിലെ പരിമിതമായ ഭൗതിക സാഹചര്യത്തിൽ നൽകാൻ കഴിയുന്ന എല്ലാ അടിയന്തര ചികിത്സയും രോഗിയ്ക്ക് ഈ സാമൂഹികാരോഗ്യ കേന്ദ്രത്തിൽ നിന്നും സമയ നഷ്ടം കൂടാതെ തന്നെ നൽകാൻ കഴിഞ്ഞിട്ടുണ്ട് എന്നും രോഗി ആശുപത്രിയിൽ വന്നതുമുതൽ അവിടെ നിന്നും മെഡിക്കൽ കോളേജിലേയ്ക്ക് റഫർ ചെയ്യുന്നതുവരെയും ആവശ്യമായ എല്ലാ പ്രാഥമിക ചികിത്സയും രോഗിയ്ക്ക് നൽകുകയും രോഗിയുടെ ആരോഗ്യ സ്ഥിതി മെച്ചപ്പെടാത്തതിനാൽ ഉടൻ തന്നെ മെഡിക്കൽ കോളേജിലേയ്ക്ക് റഫർ ചെയ്യുകയും ചെയ്തിട്ടുണ്ട്.

**(ബി)** സമാനമായ സംഭവങ്ങൾ വീണ്ടും ഉണ്ടാകുന്നത് തടയാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വിശദമാക്കാമോ?

**<u>മറുപടി:</u>** വിളപ്പിൽ സാമൂഹികാരോഗ്യകേന്ദ്രത്തിൽ 17-01-2026 ന പുലർച്ചെ ചികിത്സ തേടിയപ്പോഴും 19-01-2026 ന പുലർച്ചെ ചികിത്സ തേടിയപ്പോഴും സാമൂഹികാരോഗ്യകേന്ദ്രതലത്തിൽ നൽകാൻ കഴിയുന്ന പ്രാഥമികമായി നൽകേണ്ട എല്ലാ അടിയന്തര ചികിത്സയും രോഗിയ്ക്ക് നൽകുകയുണ്ടായി എന്നാണ് അന്വേഷണത്തിൽ നിന്നും ബോധ്യപ്പെടുന്നത്.

**സെക്ഷൻ ഓഫീസർ**